(ബി) ഉണ്ട്. 1-1-2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസത്തിനകം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്.-ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്.

അഗ്രോ സർവ്വീസ് സെന്ററുകൾ

30 (*300) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) അഗ്രോ സർവ്വീസ് സെന്ററുമായി ബന്ധപ്പെട്ട് 2015-16-ൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

2. നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി.

3. അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം മണ്ണ് പരിശോധനാ ലാബുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾ മുഖേന താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

1. 2015-16-ൽ സംസ്ഥാനത്ത് 15 അഗ്രോ സർവ്വീസ് സെന്ററുകൾ പുതിയതായി ആരംഭിക്കുക.

2. നിലവിലുള്ള 49 അഗ്രോ സർവ്വീസ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ബയോഫാർമസി, നേഴ്സറി, മൂന്ന ചക്ര/നാല ചക്ര വാഹനങ്ങൾ, ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് യൂണിഫോം അലവൻസ്, ഇൻസെന്റീവ്, ഫെസിലിറ്റേറ്റർക്ക് ഓണറേറിയം, അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകുക.

3. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സൗകര്യങ്ങളുള്ള അഗ്രോ സർവ്വീസ് സെന്ററുകളിൽ മണ്ണ് പരിശോധന ലാബ് സൗകര്യം ഉണ്ടാക്കുക.

4. 2014-15-ൽ അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം ആരംഭിച്ച മണ്ണ് പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുക.

(സി) നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലിയിരുത്തുകയും ആയത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകളും തുടങ്ങിയിട്ടുണ്ട്. കൂടാതെ 2015-16-ൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. കൊട്ടാരക്കര
2. തിരുവല്ല
3. അരൂർ
4. കുട്ടനാട്
5. ചെങ്ങന്നൂർ
6. ഉടുമ്പൻചോല
7. അങ്കമാലി
8. ചാലക്കുടി
9. മണലൂർ
10. പുതുക്കാട്
11. കൈപ്പമംഗലം
12. എലത്തൂർ
13. കുറ്റിയാടി
14. വടകര
15. തലശ്ശേരി.

LIBRARY ARCHIVES Kerala Legislative Assembly